**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി പ്രവർത്തിക്കുന്ന ഉന്നതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നിലവിൽ എത്ര ഉന്നതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2013 കില സർവ്വേ പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി 26,342 ഉന്നതികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇവയിൽ എത്ര ഉന്നതികൾക്ക് ശുദ്ധമായ കുടിവെള്ളം, ശൗചാലയം, വൈദ്യുതി എന്നിവ ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി പ്രവർത്തിക്കുന്ന ഒരു ഉന്നതിയിലും പൂർണ്ണമായി ശൗചാലയം, വൈദ്യുതി എന്നിവ ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. 135 ഉന്നതികളിൽ ശുദ്ധമായ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | കുടിവെള്ളം ലഭ്യമല്ലാത്ത നഗറുകളെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി, കോർപ്പസ് പദ്ധതി ഫണ്ട് എന്നിവ മുഖേനയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തിയും, ജല ജീവൻ മിഷൻ, വാട്ടർ അതോറിറ്റി മുഖേനയും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ